REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 20-06-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **അന്താരാഷ്ട്ര യോഗാദിനത്തിന് രാജ്യവ്യാപകമായി തയ്യാറെടുപ്പുകൾ അവസാനഘട്ടത്തിൽ.**
- **പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ബിഹാറിലും ഒഡീഷയിലുമായി 24,000 കോടിയിൽ പരം രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കമിടും.**
- **നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ 75.27 ശതമാനം പോളിംഗ്, വോട്ടെണ്ണൽ തിങ്കളാഴ്ച.**
- **പൊലീസിനു വേണ്ടി വാങ്ങിയ 241 പുതിയ വാഹനങ്ങൾ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഫ്ലാഗ് ഓഫ് ചെയ്യും.**
- **ഇന്ത്യ-ഇംഗ്ലണ്ട് അഞ്ചു മത്സര ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഉച്ച കഴിഞ്ഞ് ഇംഗ്ലണ്ടിലെ ലീഡ്സിൽ.**

## വാർത്തകൾ വിശദമായി

നാളത്തെ അന്താരാഷ്ട്ര യോഗാദിനത്തിന് രാജ്യവ്യാപകമായി തയ്യാറെടുപ്പുകൾ അവസാനഘട്ടത്തിലെത്തി. മന്ത്രാലയങ്ങളു ടെയും, സ്ഥാപനങ്ങളുടെയും സഹകരണത്തോടെ രാവിലെ രാജ്യവ്യാപകമായി യോഗാപരിപാടികൾ സംഘടിപ്പിക്കും. വിശാഖപട്ടണത്താണ് പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കുന്ന പ്രധാന ചടങ്ങ്. അഞ്ച് ലക്ഷത്തോളം പേർ അദ്ദേഹത്തോടൊപ്പം യോഗാസംഗമത്തിൽ പങ്കെടുക്കും. രാജ്യത്ത് മൂന്നര ലക്ഷത്തോളം ഇടങ്ങളിലാണ് യോഗാപരിപാടികൾ സംഘടിപ്പിക്കുന്നത്.

കേന്ദ്ര സാംസ്കാരിക മന്ത്രാലയം 11-ാമത് അന്താരാഷ്ട്ര യോഗാദിനം വിപുലമായി ആചരിക്കും. നൂറ് പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും, 50 സാംസ്കാരിക കേന്ദ്രങ്ങളിലും യോഗാപരിപാടികൾ സംഘടിപ്പിക്കാനാണ് തീരുമാനം. സാംസ്കാരിക - ടൂറിസം മന്ത്രി ഗജേന്ദ്രസിംഗ് ഷെഖാവത്ത് ജോധ്പൂരിലെ മെഹ്റാൻഗഡ് കോട്ടയിലെ യോഗാപരിപാടിയിൽ പങ്കുചേരും.

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ കീഴിലെ സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷന്റെ നേതൃത്വത്തിൽ തിരുവനന്തപുരം പേട്ട, പഞ്ചമി ദേവീ ഹാളിൽ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഉച്ച കഴിഞ്ഞ് ബീഹാറിലെ സിവാനിൽ 5,900 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും. നഗരവികസനം, മലിനജല സംസ്കരണം, പ്രധാനമന്ത്രി ആവാസ് യോജന, റെയിൽവേ, വൈദ്യുതി മേഖല എന്നിവയുമായി ബന്ധപ്പെട്ടവയാണ് പദ്ധതികൾ. പാടലീപുത്രയ്ക്കും ഗോരഖ്പൂരിനും ഇടയിലെ വന്ദേ ഭാരത് എക്സ്പ്രസ് മോദി ഫ്ലാഗ് ഓഫ് ചെയ്യും. സിവാൻ ജില്ലയിൽ പൊതുസമ്മേളനത്തെയും അദ്ദേഹം അഭിസംബോധന ചെയ്യും.

തുടർന്ന് വൈകുന്നേരം ഒഡീഷയിലെ ഭുവനേശ്വർ സന്ദർശിക്കുന്ന മോദി 18,000 കോടിയിലധികം രൂപയുടെ വികസനപദ്ധതികൾക്കുംതുടക്കമിടും

✪✪✪

ഓപ്പറേഷൻ സിന്ധുവിന്റെ ഭാഗമായി ഇസ്രയേലിലെ ഇന്ത്യക്കാരെ ഒഴിപ്പിക്കാൻ കേന്ദ്രം തീരുമാനിച്ചു. ഇന്ത്യയിലേക്ക് മടങ്ങാൻ ആഗ്രഹിക്കുന്നവരെ ഇസ്രായേൽ അതിർത്തി വഴി കൊണ്ടുവരാനാണ് തീരുമാനമെന്ന് വിദേശകാര്യമന്ത്രാലയം ന്യൂഡൽഹിയിൽ അറിയിച്ചു. ടെൽ അവീവിലെ ഇന്ത്യൻ എംബസി, ഒഴിപ്പിക്കലിന് ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തും. ഇതിനായി രജിസ്ട്രേഷൻ സംവിധാനവും ഉണ്ടായിരിക്കും. ടെൽ അവീവിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമും തുറന്നിട്ടുണ്ട്.

✪✪✪

ഇറാനെതിരെ സൈനിക നീക്കം നടത്തുന്നത് സംബന്ധിച്ച് US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് രണ്ടാഴ്ചക്കകം തീരുമാനമെടുക്കുമെന്ന് വൈറ്റ്ഹൗസ് അറിയിച്ചു. ഇറാനുമായി സമീപഭാവിയിൽ ചർച്ചകൾ നടത്താൻ സാധ്യതയുണ്ടെന്ന നിഗമനത്തിലാണ് സൈനിക നടപടി സംബന്ധിച്ച തീരുമാനം വൈകിക്കുന്നതെന്ന് വൈറ്റ്ഹൗസ് വ്യക്തമാക്കി.

✪✪✪

ഇറാൻ, ക്ലസ്റ്റർ യുദ്ധായുധങ്ങൾ ഉപയോഗിക്കുന്നതായി ഇസ്രായേൽ ആരോപിച്ചു. ക്ലസ്റ്റർ ബോംബുകളിൽ പലതും ഉടനടി പൊട്ടിത്തെറിക്കാതെ ദീർഘകാല അപകടങ്ങൾ സൃഷ്ടിക്കുന്നവയാണ്.

അതേസമയം, ക്ലസ്റ്റർ ബോംബുകളുടെ നിർമ്മാണം, സംഭരണം, കൈമാറ്റം, ഉപയോഗം എന്നിവയ്ക്കെതിരായി 111 രാജ്യങ്ങളും, മറ്റ് 12 സ്ഥാപനങ്ങളും ഒപ്പുവച്ച 2008-ലെ അന്താരാഷ്ട്ര നിരോധനത്തിൽ ചേരാൻ ഇറാനും ഇസ്രായേലും വിസമ്മതിച്ചു.

✪✪✪

ഇറാൻ വിദേശകാര്യ മന്ത്രി ഇന്ന് ജനീവയിൽ ജർമ്മൻ, ഫ്രഞ്ച്, UK വിദേശകാര്യ മന്ത്രിമാരെ കാണും. പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമാകുന്നതിനിടെയാണ് സന്ദർശനം.

✪✪✪

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ 75.27 ശതമാനം പോളിംഗ് രേഖപ്പെടുത്തിയതായി തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. മുൻ നിയമസഭാ തെരഞ്ഞെടുപ്പിൽ 75.23 ശതമാനമായിരുന്നു പോളിംഗ്. ശക്തമായ ചതുഷ്കോണ മത്സരത്തിൽ വോട്ടിംഗ് ശതമാനം ഉയർന്നത് മുന്നണികളിൽ വിജയപ്രതീക്ഷ വർദ്ധിപ്പിച്ചിട്ടുണ്ട്. തിങ്കളാഴ്ചയാണ് വോട്ടെണ്ണൽ.

✪✪✪

അഞ്ച് വർഷത്തെ ഇടവേളയ്ക്ക് ശേഷം കൈലാസ് മാനസരോവർ യാത്ര പുനരാരംഭിച്ചു. സിക്കിമിലെ നാഥുലയിൽ 36 അംഗ ആദ്യ തീർത്ഥാടക സംഘത്തിന്റെ യാത്ര ഗവർണർ ഓം പ്രകാശ് മാത്തൂർ ഫ്ലാഗ് ഓഫ് ചെയ്തു. ഈ വർഷം നാഥുലയിൽ നിന്ന് ആകെ പത്ത് ബാച്ചുകൾ കൈലാസ മാനസരോവർ സന്ദർശിക്കും. ഡോക്ടറും, ഗവണ്മെന്റ് ഉദ്യോഗസ്ഥരും യാത്രയിലുടനീളം യാത്രാ സംഘത്തെ അനുഗമിക്കുന്നുണ്ട്.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു ഡെറാഡൂണിലെ കാഴ്ചാ വൈകല്യം നേരിടുന്നവരുടെ ശാക്തീകരണത്തിനായി പ്രവർത്തിക്കുന്ന ദേശീയ കേന്ദ്രം സന്ദർശിച്ചു. ഇത്തരക്കാരുടെ ശാക്തീകരണത്തിൽ കേന്ദ്ര ഗവണ്മെന്റിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നതിന്റെ ഭാഗമായാണ് സന്ദർശനം. വിദ്യാർത്ഥികളുമായി സംവദിച്ച രാഷ്ട്രപതി കേന്ദ്രത്തിലെ സൗകര്യങ്ങൾ അവലോകനം ചെയ്തു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമുവിന് പ്രമുഖർ ജന്മദിനാശംസകൾ നേർന്നു. പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിംഗ്, JP നദ്ദ, നിതിൻ ഗഡ്കരി എന്നിവരും ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ തുടങ്ങിയവരും ആശംസകൾ നേർന്നവരിൽ ഉൾപ്പെടുന്നു.

✪✪✪

രാജ്യത്തെ കോവിഡ് ബാധിതരുടെ എണ്ണം 5,608 ആയികുറഞ്ഞു. 1,184 കേസുകൾ റിപ്പോർട്ട് ചെയ്ത കേരളത്തിലാണ് ഏറ്റവും കൂടുതൽ രോഗികളെ കണ്ടെത്തിയത്.

✪✪✪

പഞ്ചാബിൽ നിന്ന് അതിർത്തി രക്ഷാ സേന  കോടികളുടെ മെത്താംഫെറ്റമിൻ മയക്കുമരുന്ന് പിടികൂടി.  അമൃത്സറിന് സമീപം വയൽപ്രദേശത്തുനിന്നാണ് ഏഴ് കിലോ ലഹരിമരുന്ന് കണ്ടെടുത്തത്. ഡ്രോൺ ഉപയോഗിച്ചാണ് അതിർത്തിക്കപ്പുറത്തു നിന്ന് മയക്കുമരുന്ന് എത്തിച്ചതെന്ന് റിപ്പോർട്ടുകൾ പറയുന്നു.

✪✪✪

പൊലീസിനു വേണ്ടി വാങ്ങിയ 241 പുതിയ വാഹനങ്ങൾ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരം SAP ഗ്രൗണ്ടിൽ ഫ്ലാഗ് ഓഫ് ചെയ്യും. പൊലീസ് സ്റ്റേഷനുകൾക്കും, കൺട്രോൾ റൂമുകൾക്കും, സ്പെഷ്യൽ യൂണിറ്റുകൾക്കും വേണ്ടിയാണ് വാഹനങ്ങൾ വാങ്ങിയത്. ചടങ്ങിൽ സംസ്ഥാന പൊലീസ് മേധാവി ഡോ. ഷേയ്ഖ് ദർവേഷ്  സാഹിബ്, ADGPമാർ, മറ്റു മുതിർന്ന പൊലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

ഒരു ഭാഷയും മറ്റൊരു ഭാഷയേക്കാൾ ഉയർന്നതോ താഴ്ന്നതോ അല്ലെന്ന് മന്ത്രി V ശിവൻകുട്ടി അഭിപ്രായപ്പെട്ടു. ഓരോ ഭാഷയ്ക്കും അതിന്റേതായ പ്രാധാന്യമുണ്ടെന്നും ഇംഗ്ലീഷിനെ അന്താരാഷ്ട്ര ഭാഷ എന്ന നിലയിൽ ആശയവിനിമയോപാധിയായി കാണുന്ന രീതിയാണ് ശരിയെന്നും അദ്ദേഹം തിരുവനന്തപുരത്ത് അഭിപ്രായപ്പെട്ടു.

✪✪✪

സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പണം സമാഹരിക്കാൻ രണ്ടായിരം കോടി രൂപയുടെ കടപത്രം പുറപ്പെടുവിക്കും. ഇതിന്റെ ലേലം

അടുത്ത ചൊവ്വാഴ്ച റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ-കുബേർ സംവിധാനത്തിലൂടെ നടത്തും.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 440 രൂപ കുറഞ്ഞ് 73,680 രൂപയായി. ഗ്രാമിന് 9,210 രൂപയാണ് ഇന്നത്തെ വില.

✪✪✪

കേന്ദ്ര ഗവൺമെന്റിന്റെ 'സ്വച്ഛ് സർവേക്ഷൺ ഗ്രാമീൺ 2025' ന്റെ സർവ്വേ കണ്ണൂർ ജില്ലയിൽ പുരോഗമിക്കുന്നു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

..........വോയ്സ്........

സംസ്ഥാനങ്ങളും ജില്ലകളും മാലിന്യ സംസ്കരണത്തിൽ കൈവരിച്ച മാറ്റങ്ങൾ വിലയിരുത്തുന്നതിനായി ഈ മാസം 17 മുതലാണ് സർവ്വേ ആരംഭിച്ചത്.

വീടുകൾ, വില്ലേജുകൾ, ഓഫീസുകൾ, സ്കൂളുകൾ, അങ്കണവാടികൾ, മാർക്കറ്റുകൾ, ആരാധനാലയങ്ങൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ മാലിന്യസംസ്കരണ സംവിധാങ്ങൾ, ശുചിത്വ നിലവാരം എന്നിവ സർവേയുടെ ഭാഗമായി പരിശോധിക്കും. വൃത്തിയുടെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് മാർക്ക് നൽകുക.

ഇന്ത്യയിലൊട്ടാകെ 761 ജില്ലകളിൽ അയി 21000 വില്ലേജുകളിലാണ് പരിശോധന. കേരളത്തിൽ 450 വില്ലേജുകളിലും പരിശോധന നടക്കും. കണ്ണൂർ ജില്ലയിൽ നിലവിൽ 33 വില്ലേജുകളിലാണ് പരിശോധന നടക്കുക.

ഓരോ ഗ്രാമപഞ്ചായത്തിലെയും തെരഞ്ഞെടുത്ത വീടുകളിൽ നേരിട്ടെത്തി വീടുകളിലെ ശുചിമുറി സൗകര്യം,കൈ കഴുകാനുള്ള സൗകര്യം,കുടിവെള്ള സൗകര്യം,ഗാർഹിക മാലിന്യ സംസ്കരണ ഉപാധികൾ, മലിനജല സോക്കേജ് പിറ്റ് തുടങ്ങിയവ പരിശോധിക്കും.

പൊതു ജനങ്ങൾക്ക് നേരിട്ട് അഭിപ്രായം രേഖപ്പെടുത്താൻ സിറ്റിസൺ ഫീഡ്ബാക്ക് മൊബൈൽ ആപ്ലിക്കേഷൻ പ്രയോജനപ്പെടുത്താവുന്നതാണ്

✪✪✪

സംസ്ഥാന മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ മേഖലാ വിദ്യാഭ്യാസ - കായിക പ്രോത്സാഹന അവാർഡുകൾ നാളെ മന്ത്രി സജി ചെറിയാൻ ആലപ്പുഴയിൽ വിതരണം ചെയ്യും. ആലപ്പുഴ ലിയോ തേർട്ടീന്ത് ഹയർസെക്കണ്ടറി സ്കൂളിലാണ് പരിപാടി.

✪✪✪

ഇടുക്കി ജില്ലയിലെ എല്ലാ സ്കൂളുകളിലും പോക്സോ അടിസ്ഥാന നിയമ പുസ്തകം വിതരണം ചെയ്യുന്ന പദ്ധതിക്ക് തുടക്കമായി.

ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും വനിത ശിശുവികസന വകുപ്പിന്റെയും സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതി സംസ്ഥാനത്ത് ആദ്യമായാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി രതീഷ് കൃഷ്ണ....

........വോയ്സ്..........

ലൈംഗീകാതിക്രമങ്ങളിൽ നിന്നും കുട്ടികൾക്ക് സംരക്ഷണം നൽകാൻ 2012-ലാണ് പോക്സോ നിയമം ലോക്സഭ പാസാക്കിയത്. നിയമം നിലവിൽ വന്നശേഷവും കേസുകളിൽ കുറവുണ്ടായിട്ടില്ല. കൂടുതൽ കേസുകളും കണ്ടെത്തുന്നതും റിപ്പോർട്ട് ചെയ്യുന്നതും സ്കൂളുകളിൽ നിന്നായതിനാലാണ് പോക്സോ അടിസ്ഥാന നിയമ പുസ്തകം സ്കൂളുകളിൽ നൽകാൻ ലീഗൽ സർവീസസ് അതോറിറ്റി തീരുമാനിച്ചത്. അധ്യാപകർക്ക് പോക്സോ കേസുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യാനുള്ള മാർഗരേഖയായും പുസ്തകം ഉപയോഗിക്കാം.

തൊടുപുഴ കുമാരമംഗലം വില്ലേജ് ഇന്റർനാഷ്ണൽ സ്കൂളിൽ നടന്ന ചടങ്ങിൽ ജില്ലാ ജഡ്ജ് പി.എസ് ശശികുമാർ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

✪✪✪

കണ്ണൂർ കൊട്ടിയൂർ വൈശാഖ മഹോത്സവത്തിലെ മൂന്നാമത്തെ ആരാധനയായ, രേവതി ആരാധന ഇന്ന്. ഇളനീരഭിഷേകത്തിനുശേഷം നടത്തുന്ന പ്രധാന ആരാധനയാണിത്.

✪✪✪

പമ്പാ ഗണപതിക്ഷേത്രത്തിലെ അഷ്ടബന്ധ കലശ പൂജകൾ പൂർത്തിയായി. രാവിലെ 10. 15 നും 11 നും ഇടയിലെ മുഹൂർത്തത്തിൽ തന്ത്രി കണ്ഠരര് രാജീവര് ഗണപതി ക്ഷേത്രം, ഹനുമാൻ കോവിൽ, ശ്രീരാമക്ഷേത്രം എന്നിവിടങ്ങളിലെ അഷ്ടബന്ധ കലശ ചടങ്ങുകൾ പൂർത്തീകരിച്ചു.

✪✪✪

ഇന്ത്യ-ഇംഗ്ലണ്ട്, ടെണ്ടുൽക്കർ-ആൻഡേഴ്സൺ ട്രോഫി അഞ്ചു മത്സര ടെസ്റ്റ് ക്രിക്കറ്റ് പരമ്പരക്ക് ഇന്ന് തുടക്കമാകും. ഇംഗ്ലണ്ടിലെ ലീഡ്സിൽ ഇന്ത്യൻ

സമയം ഉച്ച കഴിഞ്ഞ് മൂന്നരയ്ക്കാണ് മത്സരം. ശുഭ്മാൻ ഗില്ലാണ് ഇന്ത്യൻ ടീമിനെ നയിക്കുന്നത്.

✪✪✪

ഹോക്കി ഇന്ത്യ മാസ്റ്റേഴ്സ് കപ്പ് വനിതാ വിഭാഗത്തിൽ പഞ്ചാബിന് ജയം. ചെന്നൈയിൽ ഒഡീഷയെ ഒന്നിനെതിരെ മൂന്നു ഗോളിനാണ് പഞ്ചാബ് പരാജയപ്പെടുത്തിയത്. മറ്റൊരു മത്സരത്തിൽ എതിരില്ലാതെ എട്ടു ഗോളിന് ഹരിയാന, തമിഴ്നാടിനെ തോൽപിച്ചു. പുരുഷ വിഭാഗത്തിൽ മഹാരാഷ്ട്ര മണിപ്പൂരിനെ ഒന്നിനെതിരെ ഏഴു ഗോളിനും പുതുച്ചേരിയെ മൂന്നിനെതിരെ ആറു ഗോളിന് ഒഡീഷയും പരാജയപ്പെടുത്തി.

✪✪✪

സംസ്ഥാന വനിതാകമ്മീഷൻ സംഘടിപ്പിക്കുന്ന 'വ്യക്തിസമൂഹം സ്വാതന്ത്ര്യം - ലിംഗവിവേചനങ്ങളുടെ കേരളീയ പശ്ചാത്തലം' സംസ്ഥാനതല സെമിനാർ കോഴിക്കോട് ഉള്ളിയേരിയിൽ നടന്നു. കമ്മീഷൻ ചെയർപേഴ്സൺ P സതീദേവി ഉദ്ഘാടനം ചെയ്തു.

വനിതാകമ്മീഷന്റെ തീരമേഖലാ ക്യാമ്പും ഇന്ന് കോഴിക്കോട്ട് ആരംഭിക്കും. വൈകിട്ട് എലത്തൂരിൽ P സതീദേവി ഉദ്ഘാടനം ചെയ്യും.

✪✪✪

കോഴിക്കോട് കുറ്റിക്കാട്ടൂരിലെ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം ഉച്ചക്ക് മന്ത്രി K രാജൻ ഓൺലൈനായി ഉദ്ഘാടനം ചെയ്യും. വെള്ളിപറമ്പിൽ പൊതുമരാമത്ത് വകുപ്പിന്റെ പത്ത് സെന്റ് സ്ഥലത്താണ് കെട്ടിടം നിർമിക്കുന്നത്.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: സബിത ആനന്ദ്*
*NRT :അനിൽ ചന്ദ്രൻ*
*DEO : സി കെ സുബോധ്*